# പതിമൂന്നാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2005 — 17.03.2015 ന് മറുപടിയ്ക്ക്.

## കാട്ടുപന്നികളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയുടെ ചില ഭാഗങ്ങളിൽ കാട്ടുപന്നികളുടെ ശല്യം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം പഞ്ചായത്തുകളിലാണ് പന്നികളുടെ ശല്യമുള്ളത്; ഇത് നിയന്ത്രിക്കാനും തടയാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ, ദേലമ്പാടി, കുമ്പള, കുമ്പഡാജെ, ബേഡകം, പുത്തിഗെ, മഞ്ചേശ്വരം എന്നീ പഞ്ചായത്തുകളിലാണ് കാട്ടുപന്നികളുടെ ശല്യമുള്ളത്. ഇവയെ നിയന്ത്രിക്കുന്നതിനായി ജില്ലയുടെ വിവിധ ഭാഗങ്ങളിലെ വനാതിർത്തികളിൽ 2013-14 സാമ്പത്തികവർഷം 4.8 കി.മീ. പ്രതിരോധഭിത്തി (കയ്യാല) നിർമ്മിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 800 മീറ്റർ കയ്യാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ സൗരോർജ്ജ കമ്പിവേലികളുടെ നിർമ്മാണം 2013-14 സാമ്പത്തിക വർഷം 36.05 കി.മീറ്ററും ഈ സാമ്പത്തിക വർഷം 17.5 കി.മീറ്ററും പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി 5.5 കി.മീ. സൗരോർജ്ജ കമ്പിവേലിയുടെ നിർമ്മാണം പുരോഗമിക്കുന്നു. |
| (സി) പന്നികളുടെ അക്രമം മൂലം കാസർഗോഡ് ജില്ലയിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; എത്ര പേർക്ക് പരുക്ക പറ്റിയിട്ടുണ്ട്; ഇവർക്ക നൽകിയ സാമ്പത്തിക സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ? | (സി) കാട്ടുപന്നികളുടെ ആക്രമണം മൂലം ഒരാൾക്ക് ജീവഹാനിയും 13 പേർക്ക് പരിക്കും സംഭവിച്ചിട്ടുണ്ട്. ജീവഹാനി സംഭവിച്ചതിനുള്ള നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട അപേക്ഷയിൽ നിയമാനുസൃത രേഖകളായ മരണ സർട്ടിഫിക്കറ്റ്, ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുവാൻ അപേക്ഷകനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. രേഖകൾ ലഭിച്ചാലുടൻ തന്നെ ചട്ടങ്ങളനുസരിച്ചുള്ള പരമാവധി നഷ്ടപരിഹാരം (5 ലക്ഷം രൂപ) അനുവദിക്കുന്നതാണ്. പരിക്ക പറ്റിയവർക്ക് ഇതിനകം 49,016/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.